# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1012 — 12.06.2014 ൽ മറുപടിയ്ക്ക്

### സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളുടെ അടച്ചുപൂട്ടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീമതി കെ.കെ. ലതിക | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾക്ക് സ്കൂൾ സ്വമേധയാ അടച്ചു പൂട്ടി പ്രവർത്തനം അവസാനിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | സ്കൂൾ മാനേജ്മെന്റുകൾക്ക് സ്വമേധയാ അടച്ചുപൂട്ടി പ്രവർത്തനം അവസാനിപ്പിക്കാൻ അനുമതി നൽകിയിട്ടില്ല. |
| (ബി) | സ്വകാര്യ സ്കൂളുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കെ.ഇ.ആർ. ആക്ട് സെക്ഷൻ 7(6) കെ.ഇ.ആർ. റൂൾ 24 അദ്ധ്യായം അഞ്ച് പ്രകാരമുള്ള നടപടി ക്രമങ്ങളും വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | കോഴിക്കോട്ടെ മലാപ്പറമ്പ് സ്കൂൾ അടച്ചുപൂട്ടുന്നതിന് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയായിരുന്നോ; | (സി) | കോഴിക്കോട് മലാപ്പറമ്പ് സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി 01.11.2013 - ൽ സ.ഉ;(സാധാ) നം. 4642/2013/ പൊ.വി. എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മാനേജർ നോട്ടീസ് പുറപ്പെടുവിച്ച് ഒരു വർഷത്തിന് ശേഷമേ സ്കൂൾ പ്രവർത്തനം നിർത്താൻ പാടുള്ളു. എന്നാൽ 24.05.2014 - ലെ സ.ഉ. (സാധാ) നം. 2034/14/പൊ.വി. പ്രകാരം ടി ഉത്തരവ് റദ്ദു ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മലാപ്പറമ്പ് സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നോ; എങ്കിൽ അനുമതി നൽകാനുണ്ടായ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | അനുമതി നൽകിയിരുന്നു. കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലാപ്പറമ്പ് എ.യു.പി. സ്കൂളിന്റെ 3 ക്ലാസ്സ് മുറികളുള്ള കെട്ടിടം റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചു നീക്കപ്പെടുമെന്നും, പ്രസ്തുത കെട്ടിടം മാറ്റി പണിയുന്നതിന് സ്ഥല സൗകര്യമില്ലായെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ഇ) | സ്കൂൾ ഇടിച്ചു നിരത്തുന്നതിന് അനുമതി നൽകിയിരുന്നോ; ഇല്ലെങ്കിൽ സ്കൂൾ പൊളിച്ച മാനേജർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) | ഇല്ല. ചേവായൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 311/2014 U/s 447 31 of PDPP Act ആയി കേസ് രജിസ്റ്റർ ചെയ്യുകയും മാനേജരെ അയോഗ്യനാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | കണ്ണായ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകൾ ഇടിച്ചുനിരത്തി വ്യാപാര സമുച്ചയങ്ങളും ഫ്ളാറ്റുകളും പണിയുന്നത് ശരിയായ നടപടിയാണെന്ന് കരുതുന്നുണ്ടോ; | (എഫ്) & (ജി) | ഇല്ല. വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്ന തരത്തിൽ സ്കൂൾ അടച്ചു പൂട്ടുന്നതിനുള്ള നടപടികളൊന്നും നിലവിലില്ല. |
| (ജി) | ഇത്തരം പ്രവർത്തനങ്ങൾ സാധാരണക്കാരായ സ്കൂൾ വിദ്യാർത്ഥികളുടെ പഠനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | | |

Chitra
സെക്ഷൻ ഓഫീസർ